പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 383 12.06.2012 ൽ മറുപടിയ്ക്ക്

വൈദ്യുതിവൽക്കരണ നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. ശശി | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വൈദ്യുതിവൽക്കരണ നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി എത്ര ഗാർഹിക കണക്ഷനുകൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്; ജില്ല തിരിച്ചിട്ടുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) ഉത്തരം അനുബന്ധംആയി ചേർത്തിരിക്കുന്നു. |
| (ബി) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അംഗീകാരത്തോടെയുള്ള കെട്ടിട നിർമ്മാണത്തിന് ആവശ്യമായ വൈദ്യുതി ലഭിക്കുന്നതിന് കണക്ഷൻ നൽകുന്ന പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ? | (ബി) 2005 ലെ കെ.എസ്.ഇ.ബി. ടേംസ് & കണ്ടീഷൻസ് ഓഫ് സപ്ലൈ അനുസരിച്ച് കെട്ടിട നിർമ്മാണത്തിന് ആവശ്യമായ വൈദ്യുതി നൽകുന്നതിന് കെട്ടിടത്തിന്റെ അംഗീകൃത പ്ലാനോ പെർമിറ്റോ ഹാജരാക്കേണ്ടതാണ്. എന്നാൽ 2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് നിയമം പ്രാബല്യത്തിൽ വന്നതിനെത്തുടർന്ന് പഞ്ചായത്ത് പ്രദേശങ്ങളിൽ ഗാർഹിക ആവശ്യത്തിനുള്ള കെട്ടിട നിർമ്മാണത്തിന് ബിൽഡിംഗ് പെർമിറ്റിന് പകരം ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിന്റെയോ (ആറു മാസത്തിനുള്ളിൽ ലഭിച്ച) ഭൂനികുതി അടച്ച രസീതിന്റെയോ |

അടിസ്ഥാനത്തിൽ ചില
നിബന്ധനകളോടെ വൈദ്യുതി
കണക്ഷൻനൽകുവാൻ
തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

**അനുബന്ധം - ചോദ്യം നമ്പർ 383**

| ജില്ലയുടെ പേര് | എണ്ണം |
|---|---|
| തിരുവനന്തപുരം | 27620 |
| കൊല്ലം | 16511 |
| പത്തനംതിട്ട | 6879 |
| കോട്ടയം | 9097 |
| ഇടുക്കി | 10001 |
| ആലപ്പുഴ | 9829 |
| എറണാകുളം | 23538 |
| തൃശ്ശൂർ | 15729 |
| പാലക്കാട് | 19717 |
| മലപ്പുറം | 37141 |
| കണ്ണൂർ | 29870 |
| കാസർഗോഡ് | 9584 |
| കോഴിക്കോട് | 21355 |
| വയനാട്. | 13612 |

സെക്ഷൻ ഓഫീസർ